| (1) | (2) | (3) |
|---|---|---|
| 3 | 1 വയസുവരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കു ന്നതിന് | 100 |
| 4 | 2 വയസുവരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കുന്നതിന് | 50 |
| 5 | മാസാവലോകന മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് | 100 |
| 6 | ഹോണറേറിയം | 1000 |
| 7 | വാർഡ്തല ആരോഗ്യ പോഷണ ദിനാചരണം | 100 |
| 8 | വന്ധ്യംകരണം -സ്ത്രീകൾ പുരുഷൻമാർ | 150/200 |

മേൽ പ്രസ്താവിച്ചിരിക്കുന്ന തുക നൽകുന്നത് നാഷണൽ ഹെൽത്ത് മിഷന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ജനസംഖ്യയാണ്. ഗ്രാമപ്രദേശങ്ങളിൽ 1000 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ, നഗരപ്രദേശങ്ങളിൽ 1000-2500 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ.എന്ന തോതിലാണ് നിയമിക്കുന്നത്.

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

9 (698) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തിരം വാങ്ങി സപ്ലൈ ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചും അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ചും ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആക്ഷേപങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ എന്നിവ വകുപ്പ് തലവന്മാർ അംഗീകരിച്ച് നൽകുന്ന

LIBRARY ARCHIVES Kerala Legislative Assembly

വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ അടിസ്ഥാനത്തിൽ മത്സര ടെൻഡർ ക്ഷണിച്ച് സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിതരണം ചെയ്യുന്നതാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വരുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്യുവരുന്നു. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന അവശ്യമരുന്നുകളും അനുബന്ധ ഉപകരണങ്ങളും ക്യാൻസർ, കിഡ്നി, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള വളരെ വിലകൂടിയ മരുന്നുകളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഞ്ച് (5) തലങ്ങളിലുള്ള മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽനിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തിവയ്ക്കുകയും കമ്പനികളെ കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികൾക്ക് അടുത്ത മൂന്ന് വർഷക്കാലത്തേയ്ക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. നിലവിൽ മേൽ നടപടിക്രമങ്ങളിലൂടെ കോർപ്പറേഷൻ 32 ഇനം മരുന്നുകളെയും 5 മരുന്ന് കമ്പനികളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം**

10 (699) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തിരം വാങ്ങിനല്കുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചും അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ചുമുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly